REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 02-03-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പശ്ചിമേഷ്യയിലെ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അദ്ധ്യക്ഷതയിൽ സുരക്ഷാ കാര്യ മന്ത്രിസഭാസമിതി യോഗം ന്യൂഡൽഹിയിൽ ചേർന്നു.
- ജൻ ഔഷധി പദ്ധതിയെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ 'ജൻ ഔഷധി സപ്താഹ് -2026' ന് തുടക്കമായി.
- സംസ്ഥാന കൃഷി വകുപ്പിന്റെ 'കേര' പദ്ധതി' മന്ത്രി P രാജീവ് ചേർത്തലയിൽ ഉച്ചകഴിഞ്ഞ് ഉദ്ഘാടനം ചെയ്യും.
- ആറ്റുകാൽ പൊങ്കാലയ്ക്ക് ഒരുക്കങ്ങൾ തിരുവനന്തപുരത്ത് അവസാന ഘട്ടത്തിൽ.
- ഇന്ത്യ ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് സെമിയിൽ പ്രവേശിച്ചു.

## വാർത്തകൾ വിശദമായി

പശ്ചിമേഷ്യയിലെ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അദ്ധ്യക്ഷതയിൽ സുരക്ഷാ കാര്യങ്ങൾക്കായ മന്ത്രിസഭാസമിതി യോഗം ന്യൂഡൽഹിയിൽ ചേർന്നു. ആഭ്യന്തരമന്ത്രി അമിത്ഷാ,രാജ്യരക്ഷാമന്ത്രി രാജ്നാഥ്സിംഗ്,ധനമന്ത്രി നിർമ്മല സീതാരാമൻ,വിദേശകാര്യ മന്ത്രി ഡോ.S ജയശങ്കർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.......(വോയ്സ് )................

പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ ഇസ്രയേൽ പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹുവുമായി നരേന്ദ്രമോദി ടെലഫോണിൽ സംസാരിച്ചു. സമീപകാല സംഭവങ്ങളിൽ ഇന്ത്യയുടെ ആശങ്കകൾ അറിയിച്ചതായും സാധാരണക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകണമെന്ന് ആവശ്യപ്പെട്ടതായും നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സംഘർഷം എത്രയും വേഗം അവസാനിപ്പിക്കണമെന്ന ആവശ്യവും പ്രധാനമന്ത്രി ഉന്നയിച്ചു.

UAE പ്രസിഡന്റ് ഷേഖ് മുഹമ്മദ് ബിൻ സയ്ദ് അൽ നഹ്യാനുമായും നരേന്ദ്രമോദി ഇന്നലെ സംസാരിച്ചു. UAE ക്ക് നേരെയുണ്ടായ ആക്രമണങ്ങളെ അദ്ദേഹം ശക്തമായി അപലപിച്ചു. ഈ ദുഷ്കര വേളയിൽ UAE യുമായി ഇന്ത്യ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. UAE യിലെ ഇന്ത്യൻ സമൂഹത്തെ സുരക്ഷിതമായി പരിപാലിക്കുന്നതിന് UAE പ്രസിഡന്റിനോട് നന്ദി അറിയിച്ച പ്രധാനമന്ത്രി പ്രാദേശിക സമാധാനം,സുരക്ഷ,സ്ഥിരത എന്നിവയെ ഇന്ത്യ പിന്തുണക്കുന്നതായും പറഞ്ഞു.

✪✪✪

ഇറാന്റെ ഒൻപത് നാവിക കപ്പലുകൾ തകർത്തതായി US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അറിയിച്ചു. ഇറാന്റെ ശേഷിക്കുന്ന കപ്പലുകളും കണ്ടെത്തി നശിപ്പിക്കുമെന്നും ട്രംപ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ഇറാനെതിരായ സൈനിക നടപടിക്കിടെ മൂന്ന് US സേനാംഗങ്ങൾ മരിച്ചതായും, അഞ്ചു പേർക്ക് ഗുരുതരമായി പരിക്കേറ്റതായും US മിലിട്ടറി സെൻട്രൽ കമാൻഡ് അറിയിച്ചു.

✪✪✪

ഇറാൻ ആക്രമണം ആരംഭിച്ചതിനു ശേഷം ഇതുവരെ 165 ബാലിസ്റ്റിക് മിസൈലുകളെയും, രണ്ടു ക്രൂയിസ് മിസൈലുകളെയും,541 ഡ്രോണുകളെയും പ്രതിരോധിച്ചതായി UAE അറിയിച്ചു. സംഭവത്തിൽ പാക്കിസ്ഥാൻ, നേപ്പാൾ, ബംഗ്ളാദേശ് പൗരന്മാരായ മൂന്നു പേർക്ക് ജീവൻ നഷ്ടമായി. ഇന്ത്യയടക്കം രാജ്യങ്ങളിലെ 58 പേർക്ക് ചെറിയ പരിക്കേറ്റിട്ടുണ്ടെന്നും UAE അറിയിച്ചു.

✪✪✪

ഇറാന്റെ തലസ്ഥാന നഗരിയായ ടെഹ്റാന് മേൽ വ്യോമമേധാവിത്വം നേടിയതായി ഇസ്രായേൽ പ്രതിരോധ സേന അറിയിച്ചു. ഇറാന്റെ നിരവധി വ്യോമ താവളങ്ങൾ ബാലിസ്റ്റിക് മിസൈലുകൾ ഉപയോഗിച്ചു തകർത്തതായും ഇസ്രായേൽ സേന സാമൂഹിക മാധ്യമത്തിൽ കുറിച്ചു. മിസൈൽ ലോഞ്ചറുകൾ

ഉപയോഗിച്ച് ഇറാന്റെ കമാൻഡ് സെന്ററുകളിൽ ആക്രമണം നടത്തിയതായും ഇസ്രായേൽ അറിയിച്ചു.

✪✪✪

പശ്ചിമേഷ്യയിലെ സംഭവ വികാസങ്ങൾ കണക്കിലെടുത്ത് വിമാനയാത്രക്കാരുടെ സംശയങ്ങളും പരാതികളും പാസഞ്ചർ അസിസ്റ്റന്റ് കൺട്രോൾ റൂം പരിഹരിക്കുന്നുണ്ടെന്ന് സിവിൽ ഏവിയേഷൻ മന്ത്രാലയം അറിയിച്ചു. എയർ ലൈൻ അധികൃതരെയും വിമാനത്താവള ഓപ്പറേറ്റർമാരെയും ഏകോപിപ്പിച്ചു 411 യാത്രക്കാരുടെ പരാതികൾ പരിഹരിച്ചതായി മന്ത്രാലയം സാമൂഹിക മാധ്യമത്തിലൂടെ വ്യക്തമാക്കി.എയർ സേവാ പോർട്ടൽ വഴിയും ഹെൽപ്പ് ലൈനുകളിലൂടെയും ലഭിക്കുന്ന പരാതികൾക്കും ആശങ്കകൾക്കും മുൻ ഗണന നൽകി സമയ ബന്ധിത സഹായം ഉറപ്പാക്കുന്നുണ്ടെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

അസർബൈജാനിൽ നിന്ന് കുവൈറ്റിലേക്ക് പോകുന്നതിനിടെ കറാച്ചി വിമാനത്താവളത്തിൽ കുടുങ്ങിയ മൂന്ന് മലയാളികളടക്കം എട്ട് ഇന്ത്യൻ പൗരന്മാരെ ഇന്ത്യയിലെത്തിക്കാൻ നടപടികൾ ആരംഭിച്ചതായി നോർക്ക റൂട്ട്സ് അറിയിച്ചു. പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് വിമാനം പാത മാറ്റി കറാച്ചി വിമാനത്താവളത്തിൽ അടിയന്തരമായി ഇറക്കുകയായിരുന്നു. ഇക്കാര്യം വിദേശകാര്യ മന്ത്രാലയത്തെ ധരിപ്പിച്ച് നടപടികൾ ഏകോപിപ്പിച്ചതായി നോർക്ക ഹെൽപ് ഡെസ്ക് തിരുവനന്തപുരത്ത് അറിയിച്ചു. പാലക്കാട് കൊടുമ്പ് സ്വദേശികളായ കൃഷ്ണദാസ് നാഗലൂർ, ഭാര്യ ഡോ. രശ്മി മേനോൻ, മകൾ സ്മൃതി മേനോൻ എന്നിവരാണ് സംഘത്തിലെ മലയാളികൾ. ഇവരെ കൊളംബോ വഴി ഇന്ത്യയിലെത്തിക്കുന്നതിന്റെ സാധ്യത വിദേശകാര്യ മന്ത്രാലയം പരിശോധിച്ചുവരികയാണ്.

ഇന്നലെ വൈകിട്ട് വരെ 541 കോളുകൾ തിരുവനന്തപുരത്തെ നോർക്ക ഹെൽപ് ഡെസ്ക്കിൽ ലഭിച്ചു. ഡൽഹി കേരള ഹൗസിലും പ്രവാസി കേരളീയർക്കായി പ്രത്യേക ഹെൽപ് ഡെസ്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

✪✪✪

മനുഷ്യരാശിയുടെ സമാധാനത്തിനായി ജില്ലാ കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ വൈകിട്ട് ജില്ലാ ആസ്ഥാനങ്ങളിൽ മെഴുകുതിരി തെളിയിച്ച് സമാധാന സംഗമ സദസ്സ് സംഘടിപ്പിക്കുമെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് അറിയിച്ചു. ഇറാന്റെ പരമാധികാരത്തിന് മേലുണ്ടായ അമേരിക്കൻ

അധിനിവേശത്തിനെതിരെ ശക്തമായ പ്രതിഷേധം അറിയിക്കുന്നതായും സണ്ണി ജോസഫ് പറഞ്ഞു.

ട്രംപിന്റെ യുദ്ധക്കൊതി അവസാനിപ്പിക്കണമെന്നും, ലോകസമാധാനം പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് മഹിളാ കോൺഗ്രസ് രാവിലെ തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തോട് ചേർന്ന യുദ്ധസ്മാരകത്തിൽ യുദ്ധവിരുദ്ധ പ്രതിജ്ഞയും, സമാധാന സമ്മേളനവും നടത്തും.

✪✪✪

പശ്ചിമേഷ്യൻ യുദ്ധ ഭീതിയിൽ ലോകസമാധാനത്തിനു വേണ്ടി പ്രാർത്ഥിക്കാൻ KCBC പ്രസിഡന്റ് വർഗീസ് ചക്കാലക്കൽ മെത്രാപ്പൊലീത്ത ജനങ്ങളെ ആഹ്വാനം ചെയ്തു. ആയിരങ്ങൾ ദുരിതമനുഭവിക്കുന്ന സാഹചര്യത്തിൽ നീതിപുലരാനും, ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമേകാനും ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷ നടത്തണമെന്ന് അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയോടുകൂടിയ മരുന്നുകൾ ലഭ്യമാക്കുന്ന ജൻ ഔഷധി പദ്ധതിയെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ 'ജൻ ഔഷധി സപ്താഹ് -2026' ന് രാജ്യവ്യാപകമായ തുടക്കം. 50 ആരോഗ്യ പരിശോധനാ ക്യാമ്പുകൾ ആദ്യദിവസം ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)......

രാസ-രാസവള മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഒരാഴ്ച നീളുന്ന പരിപാടികൾ എട്ടാമത് ജൻ ഔഷധി ദിവസ് ആയ ഈ മാസം ഏഴിന് സമാപിക്കും. രാജ്യത്തെ 250 ഓളം കേന്ദ്രങ്ങളിൽ ഈ മാസം അഞ്ചു വരെ ആരോഗ്യ പരിശോധനാ ക്യാമ്പുകൾ മന്ത്രാലയം സംഘടിപ്പിക്കും. സൗജന്യ രക്തപരിശോധനയും, രക്തസമ്മർദ്ദം, തൈറോയ്ഡ് പരിശോധനകളും ഇതോടൊപ്പം നടത്തും. ജൻ ഔഷധി മരുന്നുകളും സൗജന്യമായി വിതരണം ചെയ്യും. ക്യാമ്പുകളിൽ സ്ത്രീകൾക്കും, മുതിർന്ന പൗരന്മാർക്കും മുൻഗണന നൽകും. രാജ്യത്ത് 18,000 ത്തിൽപ്പരം ജൻ ഔഷധി കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അടുത്ത വർഷത്തോടെ 25,000 ജൻ ഔഷധി കേന്ദ്രങ്ങൾ തുറക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ തമിഴ്നാട്ടിലെ മധുരയിൽ 4,400 കോടിയിലധികം രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികൾ ഉദ്ഘാടനം ചെയ്തു. കുംഭകോണം, യേർക്കാട്, വെല്ലൂർ എന്നിവിടങ്ങളിൽ മൂന്ന് പുതിയ ആകാശവാണി FM റിലേ ട്രാൻസ്മിറ്ററുകളും പ്രധാനമന്ത്രി നാടിന് സമർപ്പിച്ചു.

✪✪✪

SBI ഓൺലൈൻ ഇടപാടുകാർ ആധാർ അപ്ഡേഷന് APK ഫയൽ ഇൻസ്റ്റാൾ ചെയ്യണമെന്ന സാമൂഹ്യ മാധ്യമ പ്രചാരണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് ഗവൺമെന്റ് വ്യക്തമാക്കി. ഇതിനായി APK ഫയലുകൾ ഡൗൺലോഡ് ചെയ്യുകയോ, വ്യക്തിഗത വിവരങ്ങൾ പങ്കുവെയ്ക്കുകയോ ചെയ്യരുതെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ മുന്നറിയിപ്പു നൽകി.

✪✪✪

സംസ്ഥാന കൃഷി വകുപ്പ് ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന 'കേര' പദ്ധതി മന്ത്രി P രാജീവ് ചേർത്തലയിൽ ഉച്ചകഴിഞ്ഞ് ഉദ്ഘാടനം ചെയ്യും. മന്ത്രി P പ്രസാദ് അധ്യക്ഷനായിരിക്കും.

സംസ്ഥാനത്ത് കാലാവസ്ഥാനുസൃതമായ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കാനും, അനുബന്ധ കാർഷിക മേഖല നവീകരിക്കാനും ലക്ഷ്യമിട്ടാണ് ലോകബാങ്ക് സഹായത്തോടെ പദ്ധതി നടപ്പാക്കുന്നത്. 2,365 കോടി രൂപ കേര പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. റബർ ഏലം പുനഃകൃഷി ധനസഹായ വിതരണം, ഉത്പാദക വിപണന സഖ്യങ്ങളുടെ കരാർ ഒപ്പുവെക്കൽ, MSME വെബ്പോർട്ടൽ പ്രകാശനം എന്നിവയും ചടങ്ങിൽ നടത്തും.

✪✪✪

തലശ്ശേരി ജനറൽ ആശുപത്രിയിലെ നവീകരിച്ച അത്യാഹിതവിഭാഗം രാവിലെ സ്പീക്കർ A. N ഷംസീർ ഉദ്ഘാടനം ചെയ്യും. ദേശീയ ആരോഗ്യ ദൗത്യ വിഹിതം ഉൾപ്പെടെ രണ്ട് കോടി 85 ലക്ഷം രൂപ ചെലവിലാണ് നവീകരണം പൂർത്തിയാക്കിയത്.

✪✪✪

നാളത്തെ ആറ്റുകാൽ പൊങ്കാലയ്ക്ക് ഒരുക്കങ്ങൾ തിരുവനന്തപുരത്ത് അവസാന ഘട്ടത്തിലെത്തി.

തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി M. പള്ളുരുത്തി.

........(വോയ്സ്)...................

✪✪✪

പൊങ്കാല ഡ്യൂട്ടിക്കെത്തുന്ന പൊലീസ് ഉദ്യോഗസ്ഥർക്ക് താമസസൗകര്യം ഒരുക്കുന്നതിന് നഗരപരിധിയിലെ 28 വിദ്യാലയങ്ങൾക്ക് ഇന്ന് അവധി നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ ഉപഡയറക്ടറാണ് ഉത്തരവിറക്കിയത്.

പൊങ്കാലയുമായി ബന്ധപ്പെട്ട ജലക്രമീകരണത്തിന്റെ ഭാഗമായി നെല്ലിയോട് ജഡ്ജിക്കുന്ന് ടാങ്കിലേക്ക് പമ്പിംഗ് തടസ്സപ്പെടുമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു. ഇന്ന് ഭാഗികമായും,നാളെ പൂർണമായും ജലവിതരണം തടസ്സപ്പെടും.

✪✪✪

ഇന്ത്യ ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് സെമിയിൽ പ്രവേശിച്ചു. വെസ്റ്റ്ഇൻഡീസിനെ അഞ്ചു വിക്കറ്റിന് തകർത്താണ് അവസാന സൂപ്പർ -8 മത്സരത്തിൽ ഇന്ത്യ സെമിബെർത്ത് ഉറപ്പിച്ചത്.

കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ 196 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ, മലയാളി താരം സഞ്ജുസാംസൺ- ന്റെ ഉജ്ജ്വല ബാറ്റിംഗ് പ്രകടനത്തോടെയാണ് ജയം സ്വന്തമാക്കിയത്. 50 പന്തിൽ നിന്ന് സാംസൺ 97 റൺസെടുത്തു. 19.2 ഓവറിൽ 199 റൺസോടെയാണ് ടീം ഇന്ത്യയുടെ വിജയം. സഞ്ജു സാംസൺ ആണ് പ്ലയർ ഓഫ് ദ മാച്ച്. നേരത്തെ വിൻഡീസ് നാല് വിക്കറ്റിന് 195 റൺസെടുത്തു.

ടൂർണമെന്റിലെ രണ്ടാം സെമിയിൽ വ്യാഴാഴ്ച ഇന്ത്യ, ഇംഗ്ലണ്ടിനെ നേരിടും. ആദ്യ സെമി ബുധനാഴ്ച ദക്ഷിണാഫ്രിക്കയും, ന്യൂസിലാൻഡും തമ്മിലാണ്. കൊൽക്കത്ത ഈഡൻ ഗാർഡൻസിലാണ് മത്സരം. ഞായറാഴ്ച സെമിജേതാക്കൾ അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ഫൈനലിൽ ഏറ്റുമുട്ടും.

✪✪✪

ഫിഫ നിലവാരത്തിൽ അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിയ്ക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കിയ പദ്ധതിയ്ക്ക് ഭൂമിയനുവദിക്കാൻ കലിക്കറ്റ് സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു. 500 കോടി രൂപ ചെലവിലാണ് സ്റ്റേഡിയം നിർമ്മിക്കുന്നത്. ഉടമസ്ഥാവകാശം സർവകലാശാലയിൽ നിലനിർത്തി 35 ഏക്കർ ഭൂമിയാണ് തേഞ്ഞിപ്പലത്ത് വിട്ടുകൊടുക്കുന്നത്.

✪✪✪

വടകര കുടുംബ കോടതിക്ക് വേണ്ടി പുതുതായി നിർമിച്ച കെട്ടിടം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. കുടുംബ ബന്ധങ്ങളിലെ പ്രശ്നങ്ങളും തർക്കങ്ങളും പരിഹരിക്കാൻ എത്തുന്നവർക്ക് സമാധാനപരമായ അന്തരീക്ഷം ഒരുക്കാൻ ആധുനിക സൗകര്യങ്ങളോടെയാണ് കെട്ടിട സമുച്ചയം തയാറാക്കിയതെന്ന് മുഖ്യമന്ത്രി പറഞ്ഞു. പത്ത് കോടിയോളം രൂപ ചെലവിട്ടാണ് കെട്ടിടനിർമ്മാണം പൂർത്തിയാക്കിയത്.

✪✪✪

ഇടുക്കി കട്ടപ്പന വെള്ളയാംകുടി കാണക്കാലിപ്പടിയിൽ ഇന്നലെ വൈകിട്ട് വാഹനാപകടത്തിൽ രണ്ട് പേർ മരിച്ചു. സ്കൂട്ടർ ഇടിച്ച ബൈക്ക് KSRTC ബസിനടിയിലേക്ക് പാഞ്ഞുകയറിയാണ് അപകടം. ബൈക്കിലുണ്ടായിരുന്ന കൊച്ചുതോവാള പാറപ്പായിൽ സൂരജ് സിബി, നത്തുകല്ല് കൈപ്പകശേരിൽ ഡോൺ തോമസ് എന്നിവരാണ് മരിച്ചത്. സ്കൂട്ടർ യാത്രികരായ രണ്ട് പേർക്കും പരിക്കേറ്റു.

വിനോദ സഞ്ചാര കേന്ദ്രമായ വാഗമണിൽ ഓഫ്റോഡ് ജീപ്പ് കൊക്കയിലേക്ക് മറിഞ്ഞ് എട്ട് പേർക്ക് പരിക്കേറ്റു. കവളപ്പാറയ്ക്കു സമീപമാണ് തമിഴ്നാട് സ്വദേശികൾ സഞ്ചരിച്ച ജീപ്പ് നിയന്ത്രണം വിട്ട് മറിഞ്ഞത്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: മണികണ്ഠൻ*
*News Team: അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ*
*DEO: ഷീബ*